(ഡി) സ്ഥാപനത്തിൽ ആകെയുള്ള 17 ജീവനക്കാരിൽ നിലവിൽ 6 പേർ സ്ഥിരം ജീവനക്കാരാണ്. 11 പേർ ദിവസവേതനം, കരാർ വ്യവസ്ഥകളിൽ ജോലി ചെയ്തുവരുന്നു. സ്ഥിരം നിയമനത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. പി.ടി.എ.യിൽ നിന്ന് ലഭിച്ച നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്.സി., ഒ.ഇ.സി. വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഗ്രാന്റ്

228 (6933) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. സി., ഒ. ഇ. സി. വിദ്യാർത്ഥികൾ മെറിറ്റ് റിസ്സിൽ പ്രവേശനംനേടി പഠനം പൂർത്തിയാക്കിയശേഷം, അവർ പഠിച്ചിരുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) 2010 മുതൽ ഇങ്ങനെ അനുവദിച്ചിട്ടുള്ള സംഖ്യയും സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദ്യാർത്ഥികൾ പഠനത്തിനായി സ്ഥാപനത്തിൽ ചേരുന്ന മുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യത്തിനായി രണ്ടു മാസത്തിനകം സമർപ്പിക്കുന്ന fresh, renewal അപേക്ഷകളിന്മേൽ അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിക്കുകയാണ് ചെയ്യുന്നത്. സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കാറില്ല.

(ബി) ബാധകമല്ല.

ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഗ്രാന്റ്

229 (6934) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജിൽ മെറിറ്റ് സീറ്റിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ 2013-14 വർഷത്തിൽ എത്ര കുട്ടികൾക്കാണ് ഗ്രാന്റ് നൽകിയിട്ടുള്ളതെന്നും ഏതെല്ലാം കോളേജുകളിലാണ് ഈ വിദ്യാർത്ഥികൾ പഠിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly